# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 177 18.03.2013 ൽ മറുപടിക്ക്

### എയർ കേരള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബെന്നി ബെഹനാൻ:<br>" പി.എ. മാധവൻ:<br>" പാലോട് രവി:<br>" വർക്കല കഹാർ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | എയർ കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ പ്രവർത്തി ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തിരം കുറഞ്ഞ ചിലവിലുള്ള യാത്രാ സൗകര്യം ഏർപ്പെടുത്തുക എന്നതാണ് 'എയർ കേരള'യുടെ ഉദ്ദേശ്യലക്ഷ്യം |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഉണ്ട്. പദ്ധതി നടത്തിപ്പിനായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ നാല് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു കോർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എയർ കേരളയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ ഏകോപനം, പട്ടികയിൽപ്പെട്ട എയർ ലൈനുകൾക്കുള്ള എൻ.ഒ.സിക്ക് വേണ്ടിയുള്ള അപേക്ഷ തയ്യാറാക്കുക, എയർലൈൻ പ്രവർത്തനങ്ങളുടെ പ്രാരംഭ സജ്ജീകരണങ്ങൾ തയ്യാറാക്കുക, വിവിധ ഏജൻസികളും മറ്റ് ബന്ധപ്പെട്ടവരുമായും ചർച്ചകൾ നടത്തുക തുടങ്ങിയവയാണ് കോർ കമ്മിറ്റിയുടെ ചുമതലകൾ. |
| (സി) | പദ്ധതിക്കുള്ള അപേക്ഷ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന് നൽകിയിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പദ്ധതിയുടെ പഠന റിപ്പോർട്ട് തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | സിയാൽ ചുമതലപ്പെടുത്തിയ കൺസൽട്ടന്റ് ആയ ഏണസ്റ്റ് ആന്റ് യംഗ് സമർപ്പിച്ച പദ്ധതി പഠന റിപ്പോർട്ട് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിന് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ